# മുട്ടത്തുപാറ എൽ.പി. സ്കൂൾ

## കോട്ടപ്പടി

## സമഗ്ര വിദ്യാലയ വികസനരേഖ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 26

# മുട്ടത്തുപാറ എൽ.പി. സ്കൂൾ, കോട്ടപ്പടി

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മുട്ടത്തുപാറ എൽ.പി.സ്കൂൾ |
| വിലാസം | : | കോട്ടപ്പടി പി.ഒ. |
| | | മുട്ടത്തുപാറ - 686 692 |
| ഇ-മെയിൽ | : | muttathuparalps@gmail.com |
| സ്കൂൾ കോഡ് | : | 27360 |
| വിദ്യാഭ്യാസ ജില്ല | : | കോതമംഗലം |
| ഉപജില്ല | : | കോതമംഗലം |
| റവന്യൂജില്ല | : | എറണാകുളം |
| ബി.ആർ.സി. | : | കോതമംഗലം |
| സി.ആർ.സി. | : | ജി.യു.പി.എസ്. പാനിപ്ര |
| ഗ്രാമപഞ്ചായത്ത് | : | കോട്ടപ്പടി |
| ബ്ലോക്ക് പഞ്ചായത്ത് | : | കോതമംഗലം |
| | | (കോട്ടപ്പടി ഡിവിഷൻ) |
| ജില്ലാപഞ്ചായത്ത് | : | എറണാകുളം<br>(ഭൂതത്താൻകെട്ട് ഡിവിഷൻ) |
| അസംബ്ലി മണ്ഡലം | : | കോതമംഗലം |
| ലോകസഭാ മണ്ഡലം | : | ഇടുക്കി |
| താലൂക്ക് | : | കോതമംഗലം |
| വില്ലേജ് | : | കോട്ടപ്പടി |

# മുട്ടത്തുപാറ എൽ.പി. സ്കൂൾ, കോട്ടപ്പടി

## ആമുഖം

കോതമംഗലം താലൂക്ക്, കോട്ടപ്പടി വില്ലേജ്, കോട്ടപ്പടി പഞ്ചായത്ത് മൂന്നാം വാർഡിൽ മുട്ടത്തുപാറയിൽ കുറുപ്പംപടി കൂട്ടിക്കൽ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. മുട്ടത്തുപാറ സെട്രൽ സൊസൈറ്റിയുടെ കീഴിൽ ടി മുട്ടത്തുപാറ സെട്രൽ എഡ്യുക്കേഷൻ ഏജൻസിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു. കോട്ടപ്പാറ വനമേഖലയോട് ചേർന്ന് അധികഭാഗവും തോട്ടങ്ങളായുള്ള മേഖലയിൽ സ്ഥിതിചെയ്യുന്നു.

## വിദ്യാലയ ചരിത്രം

1960 -ൽ പ്രവർത്തനം ആരംഭിച്ചു. കോട്ടപ്പടി പഞ്ചായത്തിന്റെ കീഴിൽ മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ടിയിരുന്ന കാലത്ത് പ്രദേശത്തെ പുരോഗമനാശയക്കാരും പരിശ്രമശാലികളുമായ ആളുകളുടെ ശ്രമഫലമായി നെടുംചാലിൽ ശ്രീ എൻ.എം വർഗ്ഗീസ് ദാനമായി നൽകിയ ഒരേക്കർ സ്ഥലത്ത് ഈ വിദ്യാലയം നിർമ്മിക്കുകയും ഗവൺമെന്റിൽ നിന്നും അംഗീകാരം നേടി നല്ല നിലയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. 2700-ഓളം വിദ്യാർത്ഥികൾക്ക് അക്ഷരവെളിച്ചം പകർന്ന ഈ വിദ്യാലയത്തിൽ 1 മുതൽ 4 വരെ ക്ലാസുകളാണുള്ളത്. 2010 മുതൽ പ്രീ പ്രൈമറി വിഭാഗം രണ്ട് ക്ലാസുകളായി പ്രവർത്തിക്കുന്നുണ്ട്. ആറ് ക്ലാസുകളും 5 അദ്ധ്യാപകരും 29 വിദ്യാർത്ഥികളുമാണ് ഇപ്പോഴുള്ളത്. ഗവൺമെന്റ് ഫണ്ട് നൽകി വരുന്ന ഉച്ചഭക്ഷണ പദ്ധതി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. കലാ-കായിക മേളകളിൽ പ്രത്യേകം പരിശീലനം നൽകി കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്. പ്രവൃത്തിപരിചയ മേഖലയിൽ പരിശീലനം നൽകുന്നു. വിവിധ മത്സരപ്പരീക്ഷകളിലും എൽ.എസ്.എസ്. പരീക്ഷയിലും പങ്കാളിത്തമുണ്ട്.

## പൊതുലക്ഷ്യങ്ങൾ

1. സമഗ്ര ഗുണമേന്മവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

2. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനനേട്ടങ്ങൾ/ശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

4. മലയാളത്തിൽ സുഗമമായ വായനയും എഴുത്തും, അടിസ്ഥാന ഗണിതത്തിൽ സ്വയം പ്രവർത്തന ശൈലിയും നേടുന്നതിന് പ്രാപ്തരാക്കുക.

5. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.

6. പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കുക.

7. CWSN കുട്ടികൾക്ക് ഉറച്ച പഠന പിൻതുണ.

8. പഠനത്തിൽ പിന്നോക്കക്കാർക്ക് പ്രത്യേക പിൻതുണ.

9. ആധുനിക സാങ്കേതിക വിദ്യാഭ്യാസസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക.

10. ദേശസ്നേഹം, ദീനാനുകമ്പ, പരസ്പര സ്നേഹം, ബഹുമാനം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

10. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോൽസാഹിപ്പിക്കുക.

11. 'എന്റെ ജന്മദിനം-സ്കൂളിനൊരു പൂച്ചെടി' പദ്ധതി.

12. സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തം.

13. സ്കൂളിനൊരു അടുക്കളത്തോട്ടം.

14. ബോധവൽക്കരണ ക്ലാസ്

    - ലഹരി
    - പോക്സോ
    - ജീവിതശൈലി

15. Zero Cavity School

## ലക്ഷ്യങ്ങൾ

### I. ഭാഷ (മലയാളം)

1. എല്ലാ കുട്ടികളെയും ആശയപൂർണ്ണതയോടെ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

### II. ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
3. ക്ലാസ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

### III. പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.

### IV. ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

4. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

**V. ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ**

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

**VI. പ്രവൃത്തി പരിചയം**

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

**VII. കലാപരിശീലനം**

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2. കലാഭിരുചി വളർത്തുക.

3. ഓരോ കുട്ടികളുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

**VIII. ആരോഗ്യ കായിക വിദ്യാഭ്യാസം**

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

2. ആരോഗ്യ ശീലങ്ങൾ വളർത്തുക.

**IX. സാമൂഹികാവബോധം**

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

2. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## പദ്ധതികളുടെ സ്വഭാവം

ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഹ്രസ്വകാല, മധ്യകാല, ദീർഘകാല ദൈർഘ്യമുള്ളവയാണ്. നടപ്പിലാക്കുന്ന പദ്ധതികൾ നിശ്ചിയ സമയ പരിധിക്കുള്ളിൽ പൂർത്തീകരിച്ച് ലക്ഷ്യത്തിലെത്തിക്കുകയും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ ഭാഗഭാക്കാവുകയും ചെയ്യണം. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ സാധൂകരിക്കാൻ താഴെ പറയുന്ന പദ്ധതികൾ സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

I. **പ്രവർത്തനം - ഇംഗ്ലീഷ് അസംബ്ലി** - ആഴ്ചയിൽ ഒരു ദിവസം

II. **പ്രവർത്തനം - നാടക കളരി** - വർഷത്തിലൊരിക്കൽ
പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം.

III. **പ്രവർത്തനം - കയ്യെഴുത്ത് മാസിക**
സർഗ്ഗാത്മക സൃഷ്ടികൾ (കഥ, കവിത, കടംകഥ, ചിത്രങ്ങൾ, ലേഖനങ്ങൾ, കാർട്ടൂണുകൾ, പദപ്രശ്നങ്ങൾ) ചേർത്ത് കയ്യെഴുത്ത് മാസിക നിർമ്മാണം.

IV. **പ്രവർത്തനം - ദിനാചരണങ്ങൾ**
ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ആലോചിച്ച് നടത്തുക.

V. **പ്രവർത്തനം - മേളകൾ/ക്വിസ്**
സ്കൂളിൽ ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ, ഉപജില്ല ശാസ്ത്രമേളയിൽ പരമാവധി പങ്കാളിത്തം.

VI. **പ്രവർത്തനം - ഗണിതമേളകൾ/ക്വിസ്**
ഗണിത മേളകൾ, ക്വിസ് എന്നിവയ്ക്ക് ഉപജില്ല, ജില്ലാതലങ്ങളിൽ പങ്കെടുപ്പിക്കുക, തയ്യാറാക്കുക.

VII. **പ്രവർത്തനം - കായിക പരിശീലനം**
രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം.

VIII. **പ്രവർത്തനം - ഒരു ചോദ്യം ഒരു ഉത്തരം**
ദിനപത്രങ്ങളിലെ വാർത്തകളെ അടിസ്ഥാനമാക്കി ചോദ്യം. ഉത്തരം തയ്യാറാക്കി ബോക്സിൽ ഇടുക. വിജയികൾക്ക് സമ്മാനം.

IX. **പ്രവർത്തനം - പച്ചക്കറിത്തോട്ടം**
വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ തരത്തിൽ പച്ചക്കറിത്തോട്ടം രൂപപ്പെടുത്തുക.

**X. പ്രവർത്തനം – ക്ലാസ് പി.ടി.എ.**

കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ.

**XI. പ്രവർത്തനം – പോഷകാഹാര പരിപാടി**

പ്രതിദിനം വ്യത്യസ്ത മെനു വെച്ച് പോഷകാഹാരം സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ.

## ഉപസംഹാരം

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പ്രവർത്തനങ്ങൾക്ക് കഴിയും എന്ന് പ്രത്യാശിക്കുന്നു. ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവന്റെ അറിവും കഴിവും കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കുന്നതിന് ഈ വികസന രേഖയ്ക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.